തൊഴിൽ തർക്കം സംബന്ധിച്ച വിധി.

61. [21] ശ്രീ. കെ. മൊയിതീൻകുട്ടി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂർ താലൂക്കിൽ കൊടക്കൽ ഓട്ടുകമ്പനി മാനേജ്മെൻറും തൊഴിലാളികളും തമ്മിൽ 1958–ലെ ബോണസിനെ സംബന്ധിച്ച് കോഴിക്കോട് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിൽ ഉണ്ടായിരുന്ന ഐ. ഡി. 105/59–ാം നമ്പർ കേസ് വിധിയായി കഴിഞ്ഞുവോ ;

(ബി) വിധിയായെങ്കിൽ എന്തു തീയതിക്കാണ് ;

(സി) ഈ വിവരത്തിന് ഗവണ്മെൻറിലേക്ക് റിപ്പോർട്ട് വന്നിട്ടുണ്ടോ ;

(ഡി) ഗവണ്മെൻറിൽ റിപ്പോർട്ട് വന്നുകഴിഞ്ഞെങ്കിൽ ഗസറ്റിൽ പ്രസിദ്ധീകരിക്കാതിരിക്കാൻ കാരണമെന്ത് ;

(ഈ) എന്നേക്ക് പ്രസിദ്ധീകരിക്കും ?

ഉത്തരം.

(എ) കേസ് വിധിയായി കഴിഞ്ഞു.

(ബി) 7–12–1963.

(സി) ഉണ്ട്.

(ഡി) 4–2–1964–ലെ കേരളാ ഗസറ്റ് നമ്പർ 5 പാർട്ട് 1–ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഈ) ഉദിക്കുന്നില്ല.

CALLING ATTENTION UNDER RULE 61.

9 A. M.]

Damage caused to the S. G. N. Factory at Chengamanadu by fire.

Mr. Speaker: Order, order. I have received a notice under Rule 61 from Shri R. Balakrishna Pillai about a serious situation regarding the huge damage to property and loss of life consequent on the fire accident. I call upon the hon. Member to state the facts.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഒരാളിന്റെ മരണത്തിനും, വളരെയധികം ആളുകൾക്ക് ഗുരുതരമായ അപകടം സംഭവിക്കുന്നതിനും, ഒരു ഫാക്ടറി പൂർണ്ണമായി കത്തിനശിക്കുന്നതിനും ഇടയായ ഒരു ദുരന്തസംഭവം, ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെടുത്തി, ആ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അടിയന്തിരാശ്വാസം നൽകുന്നതിനും, ആ ഫാക്ടറിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് വേണ്ട സഹായം നൽകുന്നതിനും ഗവണ്മെൻറിനോട് അഭ്യർത്ഥിക്കുകയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly